**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 526** **05-10-2021 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച മെഡിസെപ്പ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | മെഡിസെപ്പിന്റെ റീ-ടെൻഡർ നടപടികളുടെ ഭാഗമായി ആരോഗ്യ രംഗത്തെ വിദഗ്ദ സമിതി ശിപാർശ ചെയ്ത മെഡിക്കൽ പാക്കേജ് റേറ്റുകളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ പ്രത്യേക നിയമോപദേശവും ഉൾപ്പെടുത്തി കൊണ്ടുള്ള പുതുക്കിയ Request For Proposal (RFP) 22.01.2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. 07.04.2021 -ൽ ധനകാര്യ ബിഡ് തുറക്കുകയും Oriental Insurance Company Ltd -നെ L1 ആയി തെരെഞ്ഞെടുക്കുകയും 06.08.2021 -ൽ Award of Contract നൽകുകയും ഉണ്ടായി. വിവിധ വകുപ്പുകളിൽ നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയതടക്കം പദ്ധതി നടത്തിപ്പിനായി തെരെഞ്ഞെടുത്ത Oriental Insurance കമ്പനിയുമായി പദ്ധതിയെക്കുറിച്ചുള്ള വിവിധ ചർച്ചകൾ പുരോഗമിച്ചു വരുന്നു. |
| (ബി) | നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | നടപ്പു സാമ്പത്തിക വർഷം തന്നെ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ ഗുണഭോക്താക്കളുടെ രണ്ടാം ഘട്ട വിവരശേഖരണവും ഒന്നാം ഘട്ട വിവരശേഖരണത്തിന്റെ തുടർ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി വകുപ്പ് തലത്തിൽ നോഡൽ ഓഫീസർമാരെ നിശ്ചയിക്കുവാനും അവരുടെ പൂർണവിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാനുമുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളിലേക്കും കൈമാറിയിട്ടുണ്ട്. കൂടാതെ e-tender നടപടികളിലൂടെ തെരെഞ്ഞെടുക്കപ്പെട്ട Oriental Insurance കമ്പനിയുമായി (L1) പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള വിവിധ ചർച്ചകൾ സർക്കാർ നടത്തി വരുകയാണ്. എന്നാൽ RGICL (Reliance General Insurance Company Ltd.) സർക്കാറിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ |

| | | | |
|---|---|---|---|
| | | | (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത പദ്ധതിക്കായി ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | മെഡിസെപ് പദ്ധതിയുടെ പുതുക്കിയ Request For Proposal (RFP) 22.01.2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികളുടെ ഭാഗമായി വിവിധ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ടെൻഡർ ക്ഷണിക്കുകയുമുണ്ടായി. റീ-ടെൻഡർ ക്ഷണപ്രകാരം 1. Oriental Insurance Company 2. National Insurance Company 3. New India Insurance Company 4. Reliance General Insurance Company എന്നീ കമ്പനികൾ സമർപ്പിച്ച പ്രൊപ്പോസലുകളിൽ 07.04.2021 -ൽ ധനകാര്യ ബിഡിലൂടെ ഏറ്റവും കുറഞ്ഞ തുകയായ 4800/- + GST Premium ക്വോട്ട് ചെയ്ത Oriental Insurance Company Ltd -നെ L1 ആയി തെരെഞ്ഞെടുക്കുകയും 06.08.2021 -ൽ Award of Contract നൽകുകയും ഉണ്ടായി. Oriental Insurance കമ്പനിയുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച ചർച്ചകൾ പുരോഗമിച്ചു വരുന്നു. നിലവിൽ പ്രസ്തുത പദ്ധതിക്കായി ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ യാതൊരു കരാറിലും ഏർപ്പെട്ടിട്ടില്ല. |
| (ഡി) | പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | സർക്കാറിനെതിരെ RGICL (Reliance General Insurance Company Ltd.) ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. എന്നാൽ അഡ്വക്കേറ്റ് ജനറൽ ഓഫ് കേരളയുടെയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 07.04.2021 ലെ ധനകാര്യ ബിഡിലൂടെ Oriental Insurance Company -യെ തെരെഞ്ഞെടുക്കുകയും 06.08.2021 -ൽ ടി കമ്പനിക്ക് അവാർഡ് ഓഫ് കോൺട്രാക്റ്റ് നൽകുകയും ചെയ്തു. പദ്ധതി താമസംവിന നടപ്പാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ